2025 MAY
07
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## പഹൽഗാമിലെ കണ്ണീരിന് ചുട്ട മറുപടി

# പാക് ഭീകരകേന്ദ്രങ്ങൾ തകർത്ത് ഇന്ത്യ

**ന്യൂഡൽഹി:** പഹൽഗാം ഭീകരാക്രമണത്തിനു മറുപടിയായി പാക്കിസ്ഥാനിലും പാക്ക് അധിനിവേശ കശ്മീരിലുമായി ഒൻപതിടങ്ങളിലെ ഭീകരകേന്ദ്രങ്ങളിൽ ഇന്ത്യൻ സൈന്യത്തിന്റെ മിന്നൽ മിസൈലാക്രമണം. 12 ഭീകരർ കൊല്ലപ്പെട്ടെന്നും 55 പേർക്ക് പരുക്കേറ്റെന്നും വിവരമുണ്ട്. ഇന്നു പുലർച്ചെ 1.44 ഓടെയാണ് ഇന്ത്യയുടെ കര, നാവിക, വ്യോമ സേനകൾ സംയുക്തമായി, ഓപ്പറേഷൻ സിന്ദൂർ എന്ന പേരിട്ട ദൗത്യം നടത്തിയത്. മുസാഫർബാദ്, ബഹവൽപുർ, കോട്‌ലി, മുരിഡ്ക് എന്നിവടങ്ങളിലെ കേന്ദ്രങ്ങളിലാണ് ആക്രമണം എന്നാണു വിവരം. ലഷ്കറെ തയിബയുടെ ആസ്ഥാനമാണ് മുരിഡ്ക്. പുൽവാമ ആക്രമണത്തിന്റെ സൂത്രധാരൻ മസൂദ് അസ്ഹർ നേതൃത്വം നൽകുന്ന ജയ്ഷെ മുഹമ്മദിന്റെ ആസ്ഥാനമാണ് ബഹവൽപുർ. ആക്രമണത്തിനു പിന്നാലെ 'നീതി നടപ്പാക്കി'യെന്ന് കരസേന പ്രതികരിച്ചു. പാക്കിസ്ഥാന്റെ



സേനാകേന്ദ്രങ്ങളെ ആക്രമിച്ചിട്ടില്ലെന്നും ഭീകരതാവളങ്ങളെയാണ് ലക്ഷ്യമിട്ടതെന്നും സൈന്യം പറഞ്ഞു. ദീർഘദൂര മിസൈലുകൾ ഉപയോഗിച്ചിട്ടില്ലെന്നാണു വിവരം. ആക്രമണത്തിന്റെ കൂടുതൽ വിവരങ്ങൾ ഇന്ത്യ ഇന്നു പത്തുമണിക്കുള്ള വാർത്താ സമ്മേളനത്തിൽ പുറത്തുവിടും.

അഞ്ചിടത്ത് മിസൈൽ ആക്രമണമുണ്ടായെന്നും മൂന്നു പേർ കൊല്ലപ്പെട്ടെന്നും 12 പേർക്ക് പരുക്കേറ്റെന്നും പാക്കിസ്ഥാൻ സൈന്യം സ്ഥിരീകരിച്ചു. ആക്രമണത്തിനു തിരിച്ചടി നൽകുമെന്നും മിസൈൽ പ്രതിരോധ സംവിധാനം സജ്ജമാണെന്നും പാക്കിസ്ഥാൻ സൈന്യം പറഞ്ഞു. ഇന്ത്യയുടെ തിരിച്ചടിക്കു പിന്നാലെ നിയന്ത്രണരേഖയിൽ പാക്കിസ്ഥാൻ സൈന്യം വെടിവയ്പ്പ് തുടങ്ങിയിട്ടുണ്ട്. ഏപ്രിൽ 22 നാണ് കശ്മീർ പഹൽഗാമിലെ ബൈസരൺവാലി വിനോദസഞ്ചാര കേന്ദ്രത്തിൽ പാക്ക് പിന്തുണയോടെ ഭീകരാക്രമണമുണ്ടായത്. 26 ഇന്ത്യക്കാർ അന്നു കൊല്ലപ്പെട്ടു. ഭീകരസംഘടനയായ ലഷ്കറുമായി ബന്ധമുള്ള റെസിസ്റ്റൻസ് ഫ്രണ്ട് ആക്രമണത്തിന്റെ ഉത്തരവാദിത്തമേറ്റെടുത്തിരുന്നു. ആക്രമണത്തിനു ശേഷം ഇന്ത്യ പാക്കിസ്ഥാനുമായുള്ള സിന്ധുനദീതട കരാർ റദ്ദാക്കുകയും പാക്ക് പൗരന്മാരെ പുറത്താക്കി അതിർത്തികൾ അടയ്ക്കുകയും ചെയ്തിരുന്നു.



## ഇന്ത്യ 24 ഇടങ്ങളിൽ ആക്രമണം നടത്തിയതായി പാകിസ്താൻ

**ന്യൂഡൽഹി:** പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യ നടത്തിയ തിരിച്ചടിയിൽ എട്ടുപേർ കൊല്ലപ്പെട്ടതായി പാകിസ്താൻ. 35 പേർക്ക് പരിക്കേറ്റതായും പാക് സൈന്യത്തിന്റെ പബ്ലിക് റിലേഷൻസ് വിഭാഗമായ ഇന്റർ സർവീസ് പബ്ലിക് റിലേഷൻസ് ഡയറക്ടർ ജനറൽ മേജർ ജനറൽ അഹമ്മദ് ഷരീഫ് പറഞ്ഞു. രണ്ടു പേരെ കാണാതായതായും പാക് ഐടി മന്ത്രിക്കൊപ്പം നടത്തിയ വാർത്താ സമ്മേളനത്തിൽ അഹമ്മദ് ഷരീഫ് അറിയിച്ചു.

പാകിസ്താനിലെ എട്ട് പ്രദേശങ്ങളിലായി ഇന്ത്യ 24 ആക്രമണങ്ങൾ നടത്തിയതായി പാകിസ്താൻ ആരോപിച്ചു. അതേസമയം, പാകിസ്താനിലെ നാലിടത്തും പാക് അധീന കശ്മീരിലെ അഞ്ചിടങ്ങളിലുമായി ഒമ്പതിടങ്ങളിലാണ് ആക്രമണം നടത്തിയതെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇന്ത്യയുടെ തിരിച്ചടിയുടെ പശ്ചാത്തലത്തിൽ പാകിസ്താൻ പ്രധാനമന്ത്രി ഷഹബാസ് ഷെരീഫ് ഇന്ന് രാവിലെ 10ന് ദേശീയ സുരക്ഷാ സമിതി യോഗം വിളിച്ചിട്ടുണ്ട്. ഇന്ത്യൻ സൈനിക നടപടികളുടെ പശ്ചാത്തലത്തിൽ തലസ്ഥാനമായ ഇസ്ലാമാബാദിലെയും പഞ്ചാബ് പ്രവിശ്യയിലേയും സ്കൂളുകൾ അടയ്ക്കാനും നിർദേശം നൽകിയിട്ടുണ്ട്.

## പുതിയ പാപ്പയെ കാത്ത് ലോകം; കോൺക്ലേവിന് ഇന്ന് തുടക്കം

**വത്തിക്കാൻ:** പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവ് ഇന്ന് ഇന്ത്യൻ സമയം രാത്രി 8ന് തുടങ്ങും. വോട്ടവകാശമുള്ളവരിൽ 133 കർദിനാൾമാർ കോൺക്ലേവിൽ പങ്കെടുക്കും. 89 വോട്ട് ലഭിക്കുന്നയാൾ കത്തോലിക്കാസഭയുടെ ഇടയനാകും.

വോട്ടവകാശമുള്ളവരും ഇല്ലാത്തവരുമായ കർദിനാൾമാർ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ബലിയർപ്പിക്കും. സാന്താ മാർത്ത അതിഥിമന്ദിരത്തിലേക്കു മടങ്ങുന്ന വോട്ടർമാർ ഇന്ത്യൻ സമയം 7.45ന് പോളീൻ ചാപ്പലിനു മുന്നിൽ സകലവിശുദ്ധരുടെയും ലുത്തിനിയ ചൊല്ലിയും പരിശുദ്ധാരൂപിയുടെ വരവിനായുള്ള പ്രാർഥനാഗാനം ആലപിച്ചും സിസ്റ്റീൻ ചാപ്പലിലേക്കു നീങ്ങും.

കർദിനാൾമാർ ബൈബിളിൽ തൊട്ടു സത്യംചെയ്ത ശേഷമാകും വോട്ടെടുപ്പ്. ഇന്ന് ഒരു തവണയേ വോട്ടെടുക്കൂ. അതിൽ പാപ്പ തിരഞ്ഞെടുക്കപ്പെടുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. പകരം, ആരൊക്കെയാണു പരിഗണിക്കപ്പെടുന്നതെന്ന സൂചന കോൺക്ലേവ് അംഗങ്ങൾക്കു ലഭിക്കാം. നാളെ മുതൽ ദിവസവും രാവിലെയും ഉച്ചകഴിഞ്ഞും 2 വീതം ആകെ 4 തവണ വോട്ടെടുപ്പുണ്ടാകും. 2013 ൽ, രണ്ടാം ദിവസത്തെ അവസാനവട്ട വോട്ടെടുപ്പിലാണ് ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുക്കപ്പെട്ടത്.ഇത്തവണ തിരഞ്ഞെടുപ്പു നീളുമെന്നു പ്രവചിക്കുന്നവർ പല കാരണങ്ങൾ സൂചിപ്പിക്കുന്നു. ആദ്യമായാണ് 120ൽ ഏറെപ്പേർ വോട്ടെടുപ്പിൽ പങ്കെടുക്കുന്നത്; എണ്ണത്തിലെ വർധന ഒരാൾ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിലെത്തുന്നതു നീണ്ടുപോകാൻ കാരണമാകാം. ഫ്രാൻസിസ് പാപ്പയുടെ കാലത്തുതന്നെ സഭയുടെ നിലപാടുകളെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. അതിന്റെ തുടർച്ചയെന്നോണം, പുതിയ പാപ്പ എത്തരത്തിലുള്ള വ്യക്തിയാകണം എന്നതിൽ ശക്തമായ കാഴ്ചപ്പാടുകൾ കർദിനാൾമാർക്കുണ്ട്. പലരും ഒത്തുതീർപ്പുകൾക്കു തയാറാകണമെന്നില്ല.എന്നാൽ, കോൺക്ലേവ് നീണ്ടുപോകുന്നത് സഭയിൽ ഭിന്നതയെന്ന പ്രതീതി സൃഷ്ടിക്കുമെന്നും അത് ഒഴിവാക്കാനെന്നോണം ആദ്യ 3 ദിവസത്തിനകം തീരുമാനത്തിലെത്താനുള്ള ശ്രമം ഉണ്ടാകുമെന്നും വിലയിരുത്തുന്നവരുമുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ആഗോള നിലവാരത്തിലുള്ള വിദ്യാഭ്യാസം അനിവാര്യം: തരൂർ

**കൊച്ചി:** രാജ്യത്തെ യുവതലമുറയ്ക്ക് ആഗോള നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന് ശശി തരൂർ എം.പി. കൊച്ചി മാരിയറ്റ് ഹോട്ടലിൽ ബ്രിട്ടീഷ് കൗൺസിൽ, നാഷണൽ ഇന്ത്യൻ സ്റ്റുഡന്റ്സ് ആൻഡ് അലൂംമ്നി യൂണിയൻ, എഡ്റൂട്ട് എന്നിവർ സംയുക്തമായി സംഘടിപ്പിച്ച സ്റ്റുഡന്റ്സ്എജ്യുക്കേറ്റർ മീറ്റ് 'അച്ചീവേഴ്സ്'ൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു എം.പി. ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അടുത്തിടെ നടത്തിയ ഒരു സർവെയിൽ കേരളത്തിൽ എൻജിനീയറിങ് ബിരുദധാരികളായ 66 ശതമാനം പേരും തൊഴിൽ എടുക്കുന്നത് എൻജിനീയറിങ് ഇതര രംഗത്താണെന്ന് കണ്ടെത്തിയിരുന്നു. തൊഴിൽ വിപണിയിലെ ആവശ്യകതയും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായവും തമ്മിലുള്ള വിടവാണ് വ്യക്തമാകുന്നത്. ഇൻഡസ്ട്രിക്ക് അനുയോജ്യമായ നൈപുണ്യമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്ന രീതിയിൽ കാലഘട്ടത്തിന് അനുസരിച്ചുള്ള വിദ്യാഭ്യാസമാണ് ആവശ്യം. ഇന്ത്യയിൽ മുൻ കാലത്തെ അപേക്ഷിച്ച് നിരവധി ഓപ്പൺ, സ്വകാര്യ സർവകലാശാലകൾ ഉയരുന്നുണ്ട്. ഇത് വിദ്യാഭ്യാസ മേഖലയ്ക്ക് ഗുണകരമാണെന്നും ഇത്തരത്തിലുള്ള സ്വകാര്യ സർവകലാശാലകൾക്ക് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുനൽകുവാൻ സാധിക്കും. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്തണമെങ്കിൽ മെറിറ്റ് അടിസ്ഥാനത്തിലുള്ള സ്കോളർഷിപ്പുകൾ അനിവാര്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. വിദ്യാർത്ഥികളെ വിദേശ പഠനത്തിന് പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അവരെ തിരികെ ഇന്ത്യയിലേക്ക് ക്ഷണിക്കേണ്ടതിന്റെ ആവശ്യകതയും ശശി ചൂണ്ടിക്കാട്ടി. വിദേശ വിദ്യാഭ്യാസം നേടിയ ശേഷം നമ്മുടെ യുവതലമുറ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ഇന്ത്യയിലാണ്. രാജ്യത്തിന്റെ വളരുന്ന സമ്പദ് വ്യവസ്ഥയിൽ സംഭാവന ചെയ്യുവാൻ അവരെ പ്രാപ്തമാക്കണമെന്നും മികവ് തെളിയിക്കുന്നവർക്ക ഒരുപാട് സാധ്യതകളാണ് രാജ്യത്തുള്ളതെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഹൈബി ഈഡൻ എം.പി, ബ്രിട്ടീഷ് കൗൺസിൽ സൗത്ത് ഇന്ത്യ ഡയറക്ടർ ജാനക പുഷ്പനാഥൻ, യു.കെ പാർലമെന്റ് മുൻ അംഗം വീരേന്ദ്ര ശർമ്മ, നാസാവു ചെയർപേഴ്സൺ സനം അറോറ, എഡ്റൂട്ട് ഇന്റർനാഷണൽ സിഇഒ മുസ്തഫ കൂരി, എഡ്റൂട്ട് ഡയറക്ടർ ഷമീർ മൂത്തേടത്ത, കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം എം ജോസഫ്, തുടങ്ങിയവർ പങ്കെടുത്തു. ലോക യൂണിവേഴ്സിറ്റി റാങ്കിൽ മുൻപന്തിയിലുള്ള മുപ്പതിലധികം യൂണിവേഴ്സിറ്റികൾ പങ്കെടുത്ത മീറ്റിൽ വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധർ വിദേശ വിദ്യാഭ്യാസം സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ നൽകി.

# റെയിൽവേ പ്രഖ്യാപനം ഉടൻ : എറണാകുളം,വേളാങ്കണ്ണി എക്സ്പ്രസ് ആഴ്ചയിൽ മൂന്നു ദിവസമാക്കും

**കൊല്ലം:** എറണാകുളം വേളാങ്കണ്ണി എറണാകുളം എക്സ്പ്രസ് ട്രെയിൻ (16361/16362) ആഴ്ചയിൽ മൂന്ന് ദിവസം സർവീസ് നടത്തുന്നത് റെയിൽവേയുടെ പരിഗണനയിൽ.ആദ്യം ഈ ട്രെയിൻ ആഴ്ചയിൽ ഒരു ദിവസമാണ് ഓടിയിരുന്നത്. അന്ന് ശനി എറണാകുളത്ത് നിന്ന് പുറപ്പെട്ട് ഞായർ വേളാങ്കണ്ണിയിൽ എത്തി അന്നു തന്നെ അവിടുന്ന് തിരിച്ച് തിങ്കൾ എറണാകുളത്ത് എത്തുന്നതായിരുന്നു സർവീസ്.ആറ് മാസങ്ങൾക്ക് മുമ്പാണ് ഈ ട്രെയിൻ ആഴ്ചയിൽ രണ്ട് ദിവസമാക്കിയത്. തിങ്കൾ, ശനി ദിവസങ്ങളിലാണ് ഇപ്പോൾ എറണാകുളത്ത് നിന്ന് വേളാങ്കണ്ണിക്ക് പോകുന്നത്.വേളാങ്കണ്ണിൽ നിന്ന് എറണാകുളത്തിനുള്ള ട്രെയിൻ ചൊവ്വ, ഞായർ ദിവസങ്ങളിലാണ് സർവീസ് നടത്തുന്നത്.എറണാകുളത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ കോട്ടയം, കൊല്ലം, പുനലൂർ, ചെങ്കോട്ട വഴിയാണ് വേളാങ്കണ്ണിക്ക് പോകുന്നത്.ആഴ്ചയിൽ രണ്ട് ദിവസം മാത്രം സർവീസ് നടത്തുന്നതിനാൽ ട്രെയിനിൽ മധ്യകേരളത്തിൽ നിന്ന് വേളാങ്കണ്ണിക്ക് പോകുന്നവർക്ക് ആവശ്യത്തിന് സീറ്റുകൾ ലഭിക്കാത്ത അവസ്ഥയുണ്ട്.മാത്രമല്ല എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലെ തീർഥാടകർക്കും ഇതര യാത്രക്കാർക്കും വലിയ ആശ്വാസമാണ് ഈ ട്രെയിൻ.



പ്രധാന ക്രൈസ്തവ തീർഥാടന കേന്ദ്രമായ വേളാങ്കണ്ണിക്ക് പോകാൻ പ്രതിദിനം നൂറുകണക്കിന് ആൾക്കാരാണ് ഈ ട്രെയിനിനെ ആശ്രയിക്കുന്നത്. അവധി ദിവസങ്ങളിൽ തീർഥാടകരുടെ വൻ തിരക്കും അനുഭവപ്പെടുന്നുണ്ട്.ഈ സാഹചര്യത്തിലാണ് ട്രെയിൻ ആഴ്ചയിൽ മൂന്ന് ദിവസം സർവീസ് നടത്തണമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് അടക്കമുള്ള യാത്രക്കാരുടെ സംഘടനകളും റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടത്.ഇക്കാര്യത്തിൽ മന്ത്രിയുടെ ഭാഗത്ത് നിസ് അനുകൂലമായ മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ട്രെയിൻ ആഴ്ചയിൽ മൂന്ന് ദിവസം ഓടിക്കുന്നതിനുള്ള സാങ്കേതിക കാര്യങ്ങൾ റെയിൽവേ പരിശോധിച്ച് വരികയാണ്. ട്രെയിൻ ത്രൈവാര സർവീസായി ഉയർത്തുന്ന പ്രഖ്യാപനം ഉടൻ ഉണ്ടാകുമെന്നാണ് പ്രതീക്ഷ.നിലവിൽ കേരളത്തിൽ നിന്ന് വേളാങ്കണ്ണിക്ക് പോകാൻ ഈ ട്രെയിൻ കൂടാതെ എറണാകുളം കാരയ്ക്കൽ എക്സ്പ്രസ് മാത്രമാണുള്ളത്.

# കാഡ്സ് ഗ്രീൻഫെസ്റ്റ് സ്വാഗതസംഘം രൂപീകരിച്ചു

**തൊടുപുഴ:** കാഡ്സിൻറെ നേതൃത്വത്തിൽ 26 മുതൽ ജൂൺ ഒന്നുവരെ ഷെറോൺ കൾച്ചറൽ സെൻററിൽ നടത്തുന്ന ഗ്രീൻ ഫെസ്റ്റിൻറെ സ്വാഗതസംഘം രൂപീകരിച്ചു. കാഡ്സ് വില്ലേജ് സ്ക്വയറിൽ നടന്ന യോഗം ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ടോമി തോമസ് കാവാലം ഉദ്ഘാടനം ചെയ്തു.

ചെയർമാൻ ആൻറണി കണ്ടിരിക്കൽ അധ്യക്ഷത വഹിച്ചു. വിവിധ ഡിപ്പാർട്ട്മെൻറുകളെ പ്രതിനിധീകരിച്ച് വി.കെ. ഷാജി, സുരേഷ് ബാബു, രാജീവ്, അഡ്വ. ബിജു കളപ്പുരയിൽ, ലഫ്. പ്രജീഷ് സി. മാത്യു, മേഴ്സി, വേണു, ശശിധരൻ എന്നിവർ വിഷയാവതരണം നടത്തി.

വിത്തുത്സവം, മാന്പഴമേള, ചക്ക ഉത്സവം, വിപണനസ്റ്റാളുകൾ, 50 ഇനം വാഴക്കുലകളുടെയും കാച്ചിലുകളുടെയും പ്രദർശനം, ഓർഗാനിക് ടൂർ പാക്കേജ്, 30 ശതമാനം വിലക്കുറവിൽ വളങ്ങളുടെയും കാർഷികഉപകരണങ്ങളുടെയും വിതരണം, വിവിധ വിഷയങ്ങളിൽ സെമിനാറുകൾ, ഓമനപ്പൂച്ചകളുടെ സൗന്ദര്യമത്സരം, ഫാം സ്കൂൾ ഉദ്ഘാടനം, കലാപരിപാടികൾ, കുട്ടികൾക്കുള്ള മത്സരങ്ങൾ, എൻസിസി അംഗങ്ങളുടെ ജയ് ജവാൻ ജയ് കിസാൻ ഡിസ്പ്ലേ, കുടുംബശ്രീ ഫുഡ്കോർട്ട്, കാർഷിക വ്യവസായ ഉപകരണങ്ങളുടെ പ്രദർശനം, ചിൽഡ്രൻസ് പാർക്ക് തുടങ്ങി വിവിധ പരിപാടികളാണ് ഇത്തവണത്തെ ഗ്രീൻ ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രസ് ക്ലബ് സെക്രട്ടറി ജെയിസ് വാട്ടപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർമാരായ ജേക്കബ് മാത്യു, വി.പി. സുകുമാരൻ, കെ.എം. ജോസ്, വി.പി. ജോർജ്, ടെഡി ജോസ്, സജി മാത്യു, ആൻസി ജേക്കബ്, ഷീന അലോഷി, അലോഷി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. നഗരസഭാ ചെയർമാൻ കെ. ദീപക്ചെയർമാൻ, ആൻറണി കണ്ടിരിക്കൽജനറൽ കൺവീനർ എന്നിവരടങ്ങുന്ന 251 അംഗ സ്വാഗത സംഘവും രൂപീകരിച്ചു.

## കാലിബ്രേഷൻ & മെട്രോളജി കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

**കൊച്ചി:** ഫിസിക്സ്, ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ, മെക്കാനിക്കൽ എന്നീ വിഷയങ്ങളിലെ ബിരുദ (എഞ്ചിനീയറിംഗ് ഉൾപ്പെടെ) / ഡിപ്ലോമ വിദ്യാർത്ഥികൾ, ഇലക്ട്രിക്കൽ, മാനുഫാക്ചറിംഗ്, ഇൻസ്ട്രുമെന്റേഷൻ മേഖലകളിലെ ടെക്നീഷ്യൻമാർ എന്നിവർക്ക് കാലിബ്രേഷൻ, മെട്രോളജി മേഖലയിൽ ഉയർന്ന തൊഴിൽ സാധ്യതകളുള്ള സർട്ടിഫൈഡ് ഫണ്ടമെന്റൽസ് ഓഫ് കാലിബ്രേഷൻ & ക്വാളിറ്റി കൺസെപ്റ്റ്സ് ഓഫ് മെട്രോളജിക്കൽ ഇൻസ്ട്രുമെന്റ്സ് കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അസാപ് കേരളയും സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്ററും സംയുക്തമായാണ് ഈ കോഴ്സ് നടപ്പിലാക്കുന്നത്.

2025 മെയ് 12 ന് ആരംഭിക്കുന്ന ഈ കോഴ്സിന്റെ പരിശീലനം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വെച്ചാണ് നടക്കുന്നത്. സർട്ടിഫിക്കേഷനോടുകൂടിയ ഈ കോഴ്സിൽ വിദ്യാർത്ഥികൾക്ക് ടഠകഇൽ ഇന്റേൺഷിപ്പിനുള്ള അവസരവും ലഭ്യമാക്കും. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2025, മെയ് 11. അപേക്ഷ സമർപ്പിക്കുന്നതിന് https://asapkerala.gov.in/course/fundamentals-of-calibration-and-qualtiy-concepts-of-mterological-instruments/ എന്ന ലിങ്ക് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് : 9495999749.

## കുസാറ്റ്: അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ദീൻ ദയാൽ ഉപധ്യായ് കൗശാൽ കേന്ദ്ര (ഡിഡിയുകെകെ) യിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക് അപേക്ഷ ക്ഷണിച്ചു.

ബിസിനസ് പ്രോസസ്സ്, സോഫ്റ്റ്വെയർ അപ്ലിക്കേഷൻ ഡെവലപ്മെന്റ്, ബാങ്കിങ് ഫിനാൻസ് എന്നീ വിഭാഗങ്ങളിലാണ് പ്രൊഫസർമാരുടെ തസ്തികയിലേക്ക് നിയമിക്കുന്നത്.

യോഗ്യതയുടേയും പരിചയസമ്പത്തിന്റെയും വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക.ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി മെയ് 19.അപേക്ഷ ഫോം http://recruit.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

രേഖകളുടെ ഹാർഡ്കോപ്പികൾ രജിസ്ട്രാറിന്റെ ഓഫീസിൽ മെയ് 30 നകം സമർപ്പിക്കണം. മൂന്ന് പോസ്റ്റിനും അപേക്ഷിക്കുന്നവർ ഓരോന്നിനും പ്രത്യേകം ഫീസടച്ച് വെവ്വേറെ ആയി അയയ്ക്കണം.

## ഇടമലയാർ, ഭൂതത്താൻകെട്ട് ഡാമുകളുടെ സുരക്ഷ വർധിപ്പിച്ചു

**കോതമംഗലം:** രാജ്യത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഡാമുകളുടെ സുരക്ഷാ സംവിധാനം വർധിപ്പിക്കുന്നതിന് മുന്നോടിയായി പരിശോധനയ്ക്ക് പോലീസ് സംഘം എത്തി. ഇടമലയാർ, ഭൂതത്താൻകെട്ട് ഡാം മേഖലയിലാണ് ഇന്നലെ ഉച്ചയ്ക്ക് പരിശോധന നടത്തിയത്. ആലുവ സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് സ്ഥലത്തെത്തിയത്.

പോലീസ് ഇന്നലെ മുതൽ രാത്രികാല പട്രോളിംഗ് ഏർപ്പെടുത്തി. ഇടമലയാർ ഡാം പരിസരവും പവർഹൗസും സന്ദർശിച്ച സംഘം നിലവിലെ സുരക്ഷാ സംവിധാനം വിലയിരുത്തി. സിസിടിവി കാമറയുടെ കാര്യക്ഷമതയും പരിശോധിച്ചു. ഇടമലയാറിൽ നിലവിൽ പരിശോധനയും സുരക്ഷയും നോക്കുന്നത് കെഎസ്ഇബി നിയോഗിച്ചിരിക്കുന്ന സെക്യൂരിറ്റി ഗാർഡുകളാണ്.

വരും ദിവസങ്ങളിൽ ഇതിന് പുറമെ പോലീസ് ഗാർഡുകളെ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന കാര്യവും ബന്ധപ്പെട്ടവരെ അറിയിച്ചു. ഭൂതത്താൻകെട്ടിൽ ഡാം പരിസരത്തിന് പുറമെ ബോട്ട് ജെട്ടി, വാഹനങ്ങൾ, ബോട്ട് സർവീസ് നടത്തുന്ന പെരിയാർ പരിസരവും നിരീക്ഷണത്തിലാക്കും.

## വേനൽമഴ ദുർലഭം; ചിറ്റൂർപ്പുഴ വരളുന്നു

**ചിറ്റൂർ:** വേനൽ ശക്തമായതോടെ ചിറ്റൂർപുഴ ഒഴുക്കില്ലാതെ വരണ്ടുതുടങ്ങി. താലൂക്കിൽ ഇത്തവണ വേനൽമഴ ആവശ്യത്തിനു ലഭിച്ചിട്ടില്ല.

മുൻകാലങ്ങളിൽ പുഴയിൽ വേനൽസമയങ്ങളിൽ മൂന്നും നാലും സ്ഥലങ്ങളിൽ നല്ല ഒഴുക്കുണ്ടാവും. ഇത്തവണ അതും ഇല്ലാതായി.

മഴക്കാലം ആരംഭിക്കണമെങ്കിൽ ഇനിയും 25 ദിവസം കാത്തിരിക്കേണ്ടതുണ്ട്. ജൂൺ ആദ്യവാരത്തിൽതന്നെ മഴ ലഭിക്കുമെന്ന അറിയിപ്പുകളും ലഭിച്ചുതുടങ്ങിയിട്ടില്ല.

ഇക്കഴിഞ്ഞദിവസം കുന്നംകാട്ടുപതി തടയണയിൽ വെള്ളം കഴിഞ്ഞതോടെ പമ്പിംഗ് നിർത്തേണ്ടതായി വന്നു.

പിന്നീട് മൂലത്തറ റഗുലേറ്ററിൽനിന്നും വെള്ളമിറക്കിയാണ് ജലവിതരണം ആരംഭിച്ചത്. നിലവിൽ ആളിയാർഡാംവെള്ളം ലഭിക്കാതിരിക്കുകയും മഴ മടിച്ചുംനിന്നാൽ കനത്ത ജലക്ഷാമവും മേഖലയിലുണ്ടാകും.

പാറക്കളം, ആര്യമ്പള്ളം തടയണകളിൽ നിന്നുമാണ് ചിറ്റൂർ തത്തമംഗലം നഗരസഭയും സമീപ പഞ്ചായത്തുകളും കുടിവെള്ള പന്പിംഗിനായി ആശ്രയിക്കുന്നത്.ഇതും പ്രതിസന്ധിയിലേക്കു നീങ്ങുകയാണ്.



# കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ 15നകം പൂർണസജ്ജമാകും

**കളമശേരി:** കൊച്ചിൻ കാൻസർ റിസേർച്ച് സെൻറർ 15ഓടെ പൂർണ സജ്ജമാകുമെന്ന് വ്യവസായ മന്ത്രി പി. രാജീവ്, ആരോഗ്യമന്ത്രി വീണ ജോർജ് എന്നിവർ പറഞ്ഞു. കളമശേരി മെഡിക്കൽ കോളജിലെ സൂപ്പർ സ്പെഷാലിറ്റി ബ്ലോക്കിൻറെ നിർമാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണെന്നും ജൂലൈ 30ഓടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രിമാർ വ്യക്തമാക്കി.

കൊച്ചിൻ കാൻസർ റിസേർച്ച് സെൻറർ (സിസിആർസി), എറണാകുളം മെഡിക്കൽ കോളജ് എന്നിവയുടെ നിർമാണ പുരോഗതി അവലോകനം ചെയ്യാൻ ചേർന്ന മന്ത്രിതല യോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു ഇരുവരും. ഇരു കേന്ദ്രങ്ങളും സന്ദർശിച്ച ശേഷമാണ് മന്ത്രി പി. രാജീവിൻറെ സാന്നിധ്യത്തിൽ യോഗം ചേർന്നത്.

കാൻസർ റിസേർച്ച് സെൻററിൻറെ സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ ഉൾപ്പെടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, അഗ്നിരക്ഷാസേനയുടെ എൻഒസി തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കും. മലിനീകരണ നിയന്ത്രണ ബോർഡിൻറേത് ഉൾപ്പെടെയുള്ള ഏതാനും അനുമതികൾ കൂടിയാണ് ലഭിക്കാനുള്ളത്.

ഇതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ വേണമെന്ന് യോഗത്തിൽ ആരോഗ്യ മന്ത്രി ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകി. ആശുപത്രിയിലേക്ക് വേണ്ട മെഡിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലിയും അവസാന ഘട്ടത്തിലാണ്. സ്കാനിംഗ് മെഷീനുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ഉപകരണങ്ങളെല്ലാം സജ്ജമാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ എത്രയും വേഗം സ്ഥാപിക്കുമെന്നും അധികൃതർ അറിയിച്ചു. ഓപ്പറേഷൻ തിയറ്ററുകൾ ഉടൻ പ്രവർത്തനസജ്ജമാക്കുമെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. എറണാകുളം മെഡിക്കൽ കോളജ് സൂപ്പർ സ്പെഷാലിറ്റി ബ്ലോക്കിൻറെ നിർമാണ പ്രവർത്തനങ്ങളും അന്തിമ ഘട്ടത്തിലാണ്.

283 കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളജിൽ നടക്കുന്നത്. നിർമാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്ന സാഹചരുമുണ്ടായാൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് വീണ ജോർജ് അറിയിച്ചു.

ഇതു സംബന്ധിച്ച് കൃത്യമായ അവലോകനം നടത്താൻ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് മന്ത്രിമാർ നിർദേശം നൽകി. പദ്ധതി പൂർത്തിയാകുന്നതോടെ അത്യാധുനിക സൗകര്യങ്ങളുള്ള സൂപ്പർ സ്പെഷാലിറ്റി ആശുപത്രിയായി മെഡിക്കൽ കോളജ് മാറും.

മെഡിക്കൽ കോളജ് കോൺഫറൻസ് ഹാളിൽ നടന്ന അവലോകന യോഗത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രാഗഡേ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, കൊച്ചിൻ കാൻസർ സെൻറർ ഡയറക്ടർ ഡോ. ബാലഗോപാൽ, എറണാകുളം മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. എസ്. പ്രതാപ്, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ഗീതാ നായർ തുടങ്ങിയവർ പങ്കെടുത്തു.




# എക്സ്പ്രസ് മാർട്ടുമായി സപ്ലൈകോ

**കോഴിക്കോട്:** കാലത്തിനൊത്ത് മാറിക്കൊണ്ടിരിക്കുന്ന സപ്ലൈകോയുടെ കാഴ്ചകളുമായി കോഴിക്കോട് ബീച്ചിൽ എക്സ്പ്രസ്മാർട്ട് തുറന്നു. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടുബന്ധിച്ച് മെയ് 12 വരെ നടക്കുന്ന എന്റെ കേരളം പ്രദർശനവിപണന മേളയിലാണ് സപ്ലൈകോയുടെ ആധുനിക ഔട്ട്ലെറ്റ് സജ്ജീകരിച്ചത്.

എഫ്എംസിജി ഉൽപന്നങ്ങൾക്കും സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ ശബരി ഉൽപന്നങ്ങൾക്കും വൻ വിലക്കിഴവും ആകർഷകമായ ഓഫറുകളും ഇവിടെയുണ്ടാകും. മേള സന്ദർശിക്കാൻ എത്തുന്നവർക്കായി ഒരു മിനി സൂപ്പർ മാർക്കറ്റ് തന്നെയാണ് സപ്ലൈകോ ഒരുക്കിയിരിക്കുന്നത്. രാവിലെ 10 മുതൽ രാത്രി 9 വരെ എക്സ്പ്രസ് മാർട്ട് പ്രവർത്തിക്കും. സ്ഥാപനത്തിന്റെ വളർച്ചയും സേവനങ്ങളും വിശദമാക്കുന്ന വീഡിയോ പ്രദർശനവും ഒരുക്കിയിട്ടുണ്ട്.

# പ്ലസ് വൺ പ്രവേശനത്തിന് മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കും: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** 2025-26 അധ്യയനവർഷം പ്ലസ് വൺ പ്രവേശനം കുറ്റമറ്റതാക്കുന്നതിനും ഉപരി പഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടേയും പ്രവേശനം ഉറപ്പാക്കുന്നതിനും അലോട്ട്മെന്റ് പ്രക്രിയയുടെ ആരംഭത്തിൽ തന്നെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ സ്കൂളുകളിൽ 30 ശതമാനവും എല്ലാ എയ്ഡഡ് സ്കൂളികളിൽ 20 ശതമാനവും മാർജിനൽ സീറ്റ് വർദ്ധനവാണ് അനുവദിക്കുക. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് 10 ശതമാനം കൂടി മാർജിനൽ സീറ്റ് വർദ്ധപ്പിക്കുന്നതിന് അനുമതി നൽകും. കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 20 ശതമാനവും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ 20 ശതമാനവുമാണ് മാർജിനൽ സീറ്റ് വർദ്ധനവ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് ഇല്ല.

2022 - 23 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 77 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും കൂടി ചേർന്ന 81 ബാച്ചുകളും 2023 24 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 97 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 14 ബാച്ചുകളും കൂടി 111 ബാച്ചുകളും 2024 25 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 138 ബാച്ചുകളും ഈ വർഷം കൂടി തുടരും. അറുപത്തി നാലായിരത്തി നാൽപത് സീറ്റുകളാണ് മാർജിനൽ സീറ്റ് വർദ്ധനവിലൂടെ ലഭ്യമാകുന്ന ആകെ സീറ്റുകൾ. പതിനേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് സീറ്റുകളാണ് താൽക്കാലിക ബാച്ചുകളിലൂടെ ലഭ്യമാകുക. എൺപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത് സീറ്റുകളാണ് ആകെ ലഭിക്കുക.

സംസ്ഥാന തലത്തിൽ പ്ലസ്വൺ പ്രവേശനത്തിന് ഹയർസെക്കണ്ടറി മേഖലയിൽ 4,41,887 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി മേഖലയിൽ 33,030 സീറ്റുകളും ചേർന്ന് പ്ലസ് വൺ പഠനത്തിന് ആകെ 4,74,917 സീറ്റുകളാണുള്ളത്. ഇതിനു പുറമേ ഐ.റ്റി.ഐ മേഖലയിൽ 61,429 സീറ്റുകളും പോളിടെക്നിക്ക് മേഖലയിൽ 9,990 സീറ്റുകളും ഉപരിപഠനത്തിന് ലഭ്യമാണ്. എല്ലാ മേഖലകളിലുമായി ഉപരിപഠനത്തിന് ആകെ 5,46,336 സീറ്റുകളുണ്ടെന്നും മന്ത്രി അറിയിച്ചു.

# കർഷക തൊഴിലാളികൾക്ക് അധിവർഷാനുകൂല്യം വിതരണം ചെയ്തു

**കോഴിക്കോട്:** കർഷക തൊഴിലാളികൾക്കുള്ള അധിവർഷാനുകൂല്യത്തിന്റെ രണ്ടാംഗഡു വിതരണം ചെയ്തു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ലാ ഓഫീസിൽനിന്ന് ആദ്യ ഗഡു കൈപ്പറ്റിയവർക്കാണ് രണ്ടാം ഗഡു നൽകിയത്. ക്ഷേമനിധി ബോർഡ് ചെയർമാൻ എൻ ചന്ദ്രൻ വിതരണോദ്ഘാടനം നിർവഹിച്ചു.

കൊയിലാണ്ടി ഇഎംഎസ് സ്മാരക മുനിസിപ്പൽ ടൗൺഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ വിബിൽ വിജയ് അധ്യക്ഷത വഹിച്ചു. കെഎസ്കെടിയു സംസ്ഥാന കമ്മിറ്റിയംഗം ബാബുരാജ്, ഡികെടിഎഫ് സംസ്ഥാന കമ്മിറ്റി അംഗം ശ്രീധരൻ മൂഴിക്കൽ, ബികെഎംയു ജില്ലാ പ്രസിഡന്റ് പി കെ കണ്ണൻ, കെകെടിഎഫ് ജില്ലാ സെക്രട്ടറി പി സി മുഹമ്മദ്, കെകെടിയു ജില്ലാ പ്രസിഡന്റ് കെ രവീന്ദ്രൻ, എൻകെടിഎഫ് ജില്ലാ പ്രസിഡന്റ് പി കെ ഗോപാലൻ, ബിഎംഎസ് ജില്ലാ സെക്രട്ടറി ടി എം പ്രശാന്ത് തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിനോടനുബന്ധിച്ച് പ്രതിനിധികൾക്ക് ബോധവത്കരണ ക്ലാസും നടത്തി.

# സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 210 നൈപുണി പരിശീലന കേന്ദ്രങ്ങൾ

**തിരുവനന്തപുരം:** സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിൽ നൈപുണി വികസിപ്പിക്കുന്നതിനും അവരെ ആധുനിക തൊഴിൽ മേഖലകളിൽ തൊഴിൽ സജ്ജരാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ ഒരു ശൃംഖല ആരംഭിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 210 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രോസ്പെക്ടസ് പ്രകാശനം ചെയ്തു. 210 എസ് ഡി സി കളിലായി 420 നൈപുണി പരിശീലന ബാച്ചുകളാണ് ആരംഭിക്കുന്നത്. ഓരോ ബാച്ചിലും 25 പേർക്ക് പ്രവേശനം ലഭിക്കും. ഇങ്ങനെ ആദ്യ ബാച്ചിൽ തന്നെ പതിനായിരത്തി അഞ്ഞൂറ് പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കാനുതകുന്ന കോഴ്സുകളാണ് ആരംഭിക്കുന്നത്. പരമ്പരാഗത തൊഴിൽ കോഴ്സുകളിൽ നിന്ന് വിഭിന്നമായി തികച്ചും ആധുനികമായ തൊഴിൽ മേഖലകളെ പ്രതിനിധീകരിക്കുന്ന കോഴ്സുകളാണ് എസ് ഡി സികളിൽ നൽകുന്നത്. ദേശീയ യോഗ്യതാ രജിസ്റ്ററിൽ ഉൾപ്പെടുത്തിയ കോഴ്സുകളാകയാൽ കേന്ദ്ര സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകളാകും പരിശീലന ശേഷം ലഭിക്കുക. ഇരുപത്തിയൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ വീതം ആകെ നാൽപത്തിയഞ്ച് കോടിയിൽപരം രൂപ ഇതിനായി നൽകിയിട്ടുണ്ട്.

## ഇന്റർവ്യൂ തീയതി മാറ്റി

**കൊച്ചി:** ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിൽ റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി എറണാകുളം കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ മെയ് 20 ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ മെയ് 21 ലേക്ക് മാറ്റി വെച്ചു. സ്ഥലം, സമയം എന്നിവയിൽ മാറ്റമില്ല.

## പ്രൊജക്റ്റ് നേഴ്സ് ഒഴിവ്

**കൊച്ചി:** ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർകേരളയിൽ നടന്നുകൊണ്ടിരിക്കുന്ന ഐ.സി.എം.ആർ റിസർച്ചിലേക്ക് പ്രോജക്ട് നഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. മൂന്ന് വർഷ സെക്കന്റ് ക്ലാസ്സ് ജി.എൻ.എം. ബി.എസ്.സി നഴ്സിംഗ്, പബ്ലിക് ഹെൽത്ത് റിസർച്ച് എന്നിവയിൽ മുൻ പരിചയമുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി : 30 വയസ്സ്

ഉദ്യോഗാർത്ഥികൾ മെയ് എട്ടിന് രാവിലെ 11ന് തൈക്കാട് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർകേരളയിൽ വാക്ക്ഇൻ ഇന്റർവ്യൂന് നേരിട്ട് ഹാജരാകണം.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവണ്മെന്റ് ഐ.ടി.ഐ യിൽ മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് തസ്തികയിൽ ജൂനിയർ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ഓട്ടോമൊബൈൽ/മെക്കാനിക്കൽ എഞ്ചിനീയറിംഗ്/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് (സ്പെഷ്യലിസഷൻ ഇൻ ഓട്ടോമൊബൈൽ) ഡിഗ്രിയും അംഗീകൃത സ്ഥാപനത്തിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവും, അല്ലെങ്കിൽ മേൽ വിഷയങ്ങളിൽ ഡിപ്ലോമയും അംഗീകൃത സ്ഥാപനത്തിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയവും, അല്ലെങ്കിൽ നാഷണൽ ക്രാഫ്റ്റ്സ് ഇൻസ്ട്രക്ടർ സർട്ടിഫിക്കേറ്റോടു കൂടിയ മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിൽ എൻ ടി സി /എൻ എ സിയും, മൂന്നുവർഷത്തെ പ്രവൃത്തി പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം.താൽപര്യമുള്ള ഉദ്യോഗാർഥികൾ മെയ് എട്ട് രാവിലെ 11ന് അസൽ രേഖകൾ സഹിതം കളമശ്ശേരി ഐ ടി ഐയിൽ ഹാജരാകേണ്ടതാണ്.

## പ്രോജക്ട് അസിസ്റ്റന്റ് ഒഴിവ്

**കൊച്ചി:** പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ സി എഫ് സി ഫണ്ട് വിനിയോഗിച്ചുള്ള വിവിധ നിർമ്മാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും ബില്ലുകൾ ഇഗ്രാമസ്വരാജ് പോർട്ടലിൽ തയാറാക്കുന്നതിനും മറ്റു മേഖലകളിലെ പ്രവർത്തനങ്ങൾക്കുമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി പ്രോജക്ട് അസിസ്റ്റന്റിന്റെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാന സാങ്കേതിക പരീക്ഷ കൺട്രോളർ,സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നടത്തുന്ന കൊമേഴ്സ്യൽ പ്രാക്ടീസിൽ മൂന്നു വർഷ ഡിപ്ലോമ അല്ലെങ്കിൽ കംപ്യൂട്ടർ ആപ്ലി ക്കേഷൻ ആൻഡ് ബിസിനസ് മാനേജ്മെന്റ് ഡിപ്ലോമ, സംസ്ഥാന സർക്കാർ അംഗീകൃത ബിരുദവും കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഒരു വർഷത്തെ അംഗീകൃത ഡിപ്ലോമ അല്ലെങ്കിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ എന്നി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 2025 ജനുവരി 1 ന് 18 നും 30 നും മധ്യേ ആയിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മൂന്ന് വർഷത്തെ ഇളവ് ഉണ്ടായിരിക്കും. യോഗ്യതയുള്ളവർ അപേക്ഷയും ബയോഡേറ്റയും മെയ് 15 വൈകിട്ട് 4 ന് ഉള്ളിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

## എം.ബി.എ അഡ്മിഷൻ

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി (ഐ.എം.റ്റി) പുന്നപ്രയിൽ 252027 വർഷത്തേക്കുള്ള ദ്വിവത്സര ഫുൾ ടൈം എം.ബി.എ പ്രോഗ്രാമിലേക്ക് അഡ്മിഷൻ നടത്തുന്നതിന്റെ ഭാഗമായി മെയ് 8ന് രാവിലെ 10ന് ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി പുന്നപ്ര അക്ഷരനഗരി വാടയ്ക്കൽ പി.ഒ ആലപ്പുഴ688003, എന്ന വിലാസത്തിൽ ബന്ധപ്പെടുക.ഫോൺ: 04772267602, 9188067601, 9546488075, 9747272045.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** ജില്ലാ ശുചിത്വ മിഷൻ ഓഫീസ് ഉപയോഗത്തിനായി ഒരു വർഷത്തേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്ക് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ മെയ് 15 ന് വൈകിട്ട് 5 ന് മുൻപായി ജില്ലാ ശുചിത്വ മിഷൻ ഓഫീസിലോ ,നേരിട്ടോ , തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് ശുചിത്വ മിഷൻ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

## വയോജനങ്ങൾക്ക് സഹായ ഉപകരണ വിതരണം നടത്തി

**കൊച്ചി:** പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വയോജനങ്ങൾക്ക് സഹായ ഉപകരണ വിതരണം നടത്തി. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. പാലക്കുഴ കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ ഹാളിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് കെ എ ജയ വിതരണോദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ബിജു, സ്ഥിരം സമിതി അംഗം എൻ കെ ഗോപി, ഐ സി ഡി എസ് സൂപ്പർവൈസർ ദർശിനി, മെമ്പർമാരായ കെ എ മാണിക്കുഞ്ഞ്, സാലി പീതാംബരൻ, ജിബി സാബു, മഞ്ജു, ജിനു തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി.



കലൂർ പാവക്കുളം മഹാദേവ ക്ഷേത്രത്തിലെത്തിയ ജൂന അഖാഡ മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി മഹാരാജ് സ്വാമിയെ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളിൽ, ക്ഷേത്രം മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ പൂർണ്ണകുംഭം നൽകി സ്വീകരിച്ചപ്പോൾ നൽകിയ സ്വീകരണ സമ്മേളനത്തിൽ ജൂന അഖാഡ മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി മഹാരാജ് സ്വാമി ഭദ്രദീപം തെളിയിക്കുന്നു. എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, വിജി തമ്പി, അഡ്വ. അനിൽ വിളയിൽ, വി. ശ്രീകുമാർ തുടങ്ങിയവർ സമീപം

# സനാതന ധർമ്മം സംരക്ഷിക്കേണ്ടത് കടമ: മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി മഹാരാജ് സ്വമി

**കൊച്ചി:** സനാതന ധർമ്മത്തെ സംരക്ഷിക്കേണ്ടത് ഹൈന്ദവ സമൂഹത്തിന്റെ കടമയാണെന്ന് ജൂന അഖാഡ മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി മഹാരാജ് സ്വമി പറഞ്ഞു. വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ കലൂർ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ നൽകിയ സ്വീകരണ സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നിത്യജീവിതത്തിൽ സനാതന ധർമ്മത്തെ ഉയർത്തിപ്പിടിക്കാൻ നാം തയ്യാറാകണം. സനാതന ധർമ്മം നമ്മൾ ഉയർത്തിപ്പിടിക്കുമ്പോൾ നമ്മളെ സനാതന ധർമ്മം സംരക്ഷിക്കുമെന്നും ആനന്ദവനം ഭാരതി മഹാരാജ് സ്വമി പറഞ്ഞു. ധർമ്മത്തെ സംരക്ഷിക്കുന്നതിലൂടെ നമ്മൾ സമൃദ്ധിയിലേക്ക് നയിക്കപ്പെടും. സനാധന ധർമ്മം നിലനിന്നാൽ മാത്രമെ ലോകത്തിനും നമ്മൾക്കും നിലനിൽപ്പുള്ളു.ധർമ്മത്തെ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ സദാസമയവും ജാഗരൂകരാകണമെന്നും അത്തരം ശക്തികളെ സർവ്വ ശക്തി ഉപയോഗിച്ച് എതിർക്കണമെന്നും ആനന്ദവനം ഭാരതി മഹാരാജ് സ്വമി പറഞ്ഞു.വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ, ട്രഷറർ വി. ശ്രീകുമാർ, ക്ഷേത്രം മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, ക്ഷേത്ര സമിതി ജോയിന്റ് സെക്രട്ടറി ഉണ്ണി കൃഷ്ണ മേനോൻ തുടങ്ങിയവർ സംസാരിച്ചു.ക്ഷേത്രസമിതിയുടെ നേതൃത്വത്തിൽ പൂർണ്ണ കുംഭം നൽകിയാണ് മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി മഹാരാജ് സ്വമിയെ ക്ഷേത്രത്തിലേക്ക് സ്വീകരിച്ചത്.

# നവകേരളം യാഥാർത്ഥ്യമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്: മുഖ്യമന്ത്രി

**ആലപ്പുഴ:** നവകേരളം യാഥാർത്ഥ്യമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പാതിരപ്പള്ളി കാമിലോട്ട് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ആലപ്പുഴ ജില്ലാതല യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വികസനം ഏതെങ്കിലും ഒരു പ്രദേശത്ത് മാത്രം നടക്കേണ്ടതോ ഒരു വിഭാഗത്തിന് മാത്രം ലഭിക്കേണ്ടതോ അല്ല. വികസനം സർവ്വതല സ്പർശിയും സാമൂഹ്യനീതിയിൽ അധിഷ്ഠിതവുമായിരിക്കണം എന്നതാണ് ഈ സർക്കാരിന്റെ കാഴ്ച്ചപ്പാട്. അതിന്റെ ഏറ്റവും ഉയർന്ന പതിപ്പായിരിക്കും നവകേരളം. ഇത് യാഥാർത്ഥ്യമാക്കാൻ എല്ലാവരുടെയും സഹായവും പിന്തുണയും സഹകരണവുമുണ്ടാകണം. നവംബർ ഒന്നിന് ഇന്ത്യയിലെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറും. ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണന്നും മുഖ്യമന്ത്രി പറഞ്ഞു.

നവകേരളം സൃഷ്ടിക്കുകയെന്നാൽ നമ്മുടെ നാടിനെ ലോകത്തിലെ വികസിത രാഷ്ട്രങ്ങളുടേതിന് തുല്യമായ ജീവിത നിലവാരത്തിലേക്ക് ഉയർത്തുകയെന്നതാണ്. 2021 മെയ് മാസത്തിലാണ് രണ്ടാം എൽ ഡി എഫ് സർക്കാർ അധികാരത്തിൽ വരുന്നത്. നാലു വർഷം പൂർത്തിയാകുന്ന ഈ ഘട്ടത്തിൽ ഇതു പോലുള്ള ജില്ലാതലയോഗങ്ങൾ എല്ലാ ജില്ലകളിലും നടക്കുകയാണ്. ഇത് ആറാമത്തെ ജില്ലയിലാണ് ഈ പരിപാടി നടക്കുന്നത്. 2016 ൽ അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ തുടർച്ചയായാണ് ഈ സർക്കാരിനെ കാണേണ്ടത്. 2021ൽ സമീപകാല കേരള ചരിത്രം തിരുത്തി കൊണ്ടാണ് ജനങ്ങൾ ഈ സർക്കാരിന് തുടർഭരണം സമ്മാനിച്ചത്. അങ്ങനെ നോക്കിയിൽ 2016 ൽ അധികാരത്തിൽ വന്ന എൽ ഡി എഫ് സർക്കാർ ഒമ്പത് വർഷം പൂർത്തിയാക്കി പത്താം വർഷത്തിലേക്ക് കടക്കുകയാണ്. 2016 സർക്കാർ അധികാരത്തിൽ വരുമ്പോൾ ജനങ്ങളോട് പറഞ്ഞതും അധികാരത്തിൽ വന്നപ്പോൾ ജനങ്ങൾ പ്രതീക്ഷിച്ചതുമായ കാര്യങ്ങൾ എത്ര കണ്ട് നടപ്പായി എന്ന വിലയിരുത്തൽ സ്വാഭാവികമായി നടന്നു. അങ്ങനെ ജനങ്ങൾ തുടർഭരണം സമ്മാനിച്ചു. ജനങ്ങൾ പ്രതീക്ഷിച്ച കാര്യങ്ങൾ എൽ ഡി എഫിനും സർക്കാരിനും ഏറ്റെടുക്കുവാനും പൂർത്തികരിക്കാനും കഴിഞ്ഞതുകൊണ്ടാണ് അത് സാധിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

2016 ൽ വലിയ തകർച്ച നമ്മുടെ നാടിന് സംഭവിച്ചിരുന്നു. ആ തകർച്ച ഏതെങ്കിലും തരത്തിലുള്ള പ്രത്യേക സംഭവഗതികളുടെ ഭാഗമായി ഉണ്ടായതല്ല. 2016 ന് ശേഷം ഒരു പാട് മഹാമാരികളും പ്രകൃതി ദുരന്തങ്ങളുമെല്ലാം ഏറ്റുവാങ്ങേണ്ടി വന്ന നാടാണ് നമ്മുടേത്. അത്തരം വലിയ തോതിലുള്ള തിരിച്ചടികൾ ഏൽക്കേണ്ടി വന്നിട്ടില്ലാത്ത കാലമാണ് 2016 ൽ അവസാനിച്ച കാലം. പക്ഷേ തകരാത്ത ഒരു മേഖലയും ഇല്ലായിരുന്നു എന്നതാണ് വാസ്തവം. അതുകൊണ്ടുതന്നെ ജനങ്ങൾ കടുത്ത നിരാശയിലായിരുന്നു. ഇനി ഇതിനൊന്നും മാറ്റം ഉണ്ടാകില്ല എന്ന് ജനങ്ങൾ കരുതി. അപ്പോഴാണ് എൽ ഡി എഫ് 600 ഇനങ്ങളുള്ള ഒരു പ്രകടന പത്രിക ജനങ്ങളുടെ മുമ്പിൽ വെച്ചത്. ആ 600 കാര്യങ്ങളിൽ അന്ന് കേരളം നേരിടുന്ന പ്രധാന പ്രശ്നങ്ങളെല്ലാമുണ്ടായിരുന്നു. അതിന് പരിഹാരം കാണുമെന്ന് വാഗ്ദാനമാണ് ജനങ്ങൾക്ക് നൽകിയത്. അത് ജനങ്ങൾ ഏറ്റെടുത്തു. തുടർന്നാണ് എൽ ഡി എഫ് വരും എല്ലാം ശരിയാകും എന്ന വാക്യം ഒരു പൊതുഅഭിപ്രായമെന്ന നിലയിൽ ഉയർന്നു വന്നത്. സർക്കാർ അന്ന് പറഞ്ഞ വാക്ക് തീർത്തും അന്വർത്ഥമാക്കിയെന്ന് ഇന്ന് അഭിമാനപൂർവ്വം പറയാൻ സാധിക്കും.

ജനങ്ങളുടെ മുന്നിൽ പ്രകടനപത്രികയിലൂടെ പറയുന്ന കാര്യങ്ങൾ എത്ര കണ്ട് നടപ്പായി എന്ന് അടുത്ത തിരഞ്ഞെടുപ്പിൽ പരിശോധിക്കുന്ന പതിവ് രീതി മാറ്റി ഓരോ വർഷവും ജനങ്ങൾക്ക് പൂർണ്ണ രീതിയിൽ വിലയിരുത്തുവാൻ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ചു. ഇങ്ങനെ ആദ്യത്തെ അഞ്ച് വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് ഇറങ്ങിയപ്പോൾ 2016ലെ പ്രകടന പത്രികയിൽ പറഞ്ഞ 600 ഇനങ്ങളിൽ വിരലിൽ എണ്ണാവുന്നവ ഒഴിച്ച് ബാക്കി മുഴുവനും നടപ്പാക്കിയ സർക്കാരായി എൽഡിഎഫ് സർക്കാർ മാറി. അത് നമ്മുടെ നാട്ടിലെ വിവിധ മേഖലകളിലുള്ള വികസനത്തിന്റെ സാക്ഷ്യപത്രങ്ങളായി ഇന്നും നിലകൊള്ളുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

# യൂണിറ്റി സ്മോൾ ഫിനാൻസ് ബാങ്കിന്നാലാം പാദത്തിൽ മികച്ച നേട്ടം

**കൊച്ചി :** സെൻട്രം ഗ്രൂപ്പിനു കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റി സ്മോൾ ഫിനാൻസ് ബാങ്കിന്റെ മൊത്തവരുമാനം കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 438 കോടി രൂപയിൽ നിന്ന് ഈ പാദത്തിൽ 977 കോടി രൂപയായി ഉയർന്നതായി യൂണിറ്റി സ്മോൾ ഫിനാൻസ് ബാങ്ക് പ്രസ്താവനയിൽ പറഞ്ഞു. ബാങ്കിന്റെ നാലാം പാദത്തിലെ അറ്റാദായം 83 ശതമാനം വർധിച്ച് 264 കോടി രൂപയായി. പ്രവർത്തന ലാഭം കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 166 കോടി രൂപയിൽ നിന്ന് 347 കോടി രൂപയായി ഉയർന്നു. മൊത്തം നിക്ഷേപം മികച്ച വളർച്ചയോടെ 11,952 കോടി രൂപയിലെത്തി.  മികച്ച മൂലധന നിലവാരം സൂക്ഷിക്കുന്ന ബാങ്ക് 2025 സാമ്പത്തിക വർഷം നാലാം പാദത്തിൽ 2056 കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുമുണ്ട്.

# ഐഡിബിഐ ബാങ്കിന്റെ അറ്റാദായം 2,051 കോടി രൂപ

**കൊച്ചി:** 2025 സാമ്പത്തിക വർഷത്തിലെ മാർച്ച് പാദത്തിൽ ഐഡിബിഐ ബാങ്കിന്റെ അറ്റാദായം 26 ശതമാനം വർധിച്ച് 2,051 കോടി രൂപയായി. എൻ.ഐ.എം. 4% ആയി രേഖപ്പെടുത്തി, അറ്റ പലിശ വരുമാനം ?3,290 കോടിയായി. നിക്ഷേപച്ചെലവ് 2024ലെ 4.48%ൽ നിന്ന് 2025ലെ 4ാം പാദത്തിൽ 4.83% ആയി.

# സൗജന്യ എഐ കോഴ്സുകൾ ആരംഭിച്ച് ഐഐടി മദ്രാസ് സ്വയം പ്ലസ്

**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസിനു (ഐഐടി മദ്രാസ്) കീഴിലുള്ള സ്വയം പ്ലസ് വഴി സൗജന്യമായി വാഗ്ദാനം ചെയ്യുന്ന അഞ്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സുകൾ ആരംഭിച്ചു. 25 മുതൽ 45 മണിക്കൂർ വരെ ദൈർഘ്യമുള്ള ഈ കോഴ്സുകൾ ഓൺലൈൻ വഴിയാണ് ലഭ്യമാക്കുന്നത്. വിദ്യാർത്ഥികൾക്കും, ഫാക്കൽറ്റികൾക്കും, പ്രൊഫഷണലുകൾക്കും വേണ്ടി ക്രമീകരിച്ചിരിക്കുന്നതാണ് കോഴ്സുകൾ. എഐ ഇൻ ഫിസിക്സ്, എഐ ഇൻ കെമിസ്ട്രി, എഐ ഇൻ അക്കൗണ്ടിംഗ്, എഐ ഉപയോഗിച്ചുള്ള ക്രിക്കറ്റ് അനലിറ്റിക്സ്, പൈത്തൺ ഉപയോഗിച്ചുള്ള എഐ/എംഎൽ എന്നിവയിലുള്ള കോഴ്സുകളാണ് ലഭ്യമാക്കുന്നത്.കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നതിന് മുൻകൂർ എഐ പരിജ്ഞാനം ആവശ്യമില്ല. എല്ലാ അക്കാദമിക് പശ്ചാത്തലങ്ങളിൽ നിന്നുമുള്ള (എഞ്ചിനീയറിംഗ്, സയൻസ്, കൊമേഴ്സ്, ആര്ട്ട്, ഇന്റർ ഡിസിപ്ലിനറി) ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഈ കോഴ്സുകളിൽ ചേരാം. താൽപ്പര്യമുള്ളവർക്ക് https://swayamplus.swayam2.ac.in/aiforallcourses എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം. മെയ് 12 ആണ് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി.വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിൽ, ഇന്ത്യയിലുടനീളമുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ളതും തൊഴിൽ അധിഷ്ഠിതവുമായ പഠന അവസരങ്ങൾ നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഐഐടി മദ്രാസിന്റെ ഒരു സംരംഭമാണ് സ്വയം പ്ലസ്.

# അബുദാബിയിൽ സ്റ്റോർ തുറന്ന് പോപ്പീസ് ബേബി കെയർ

**കൊച്ചി:** പ്രമുഖ ബേബി കെയർ ഉൽപ്പന്ന റീട്ടെയിലറായ പോപ്പീസ് ബേബി കെയർ അബുദാബിയിലെ ഡാൽമ മാളിൽ എക്സ്ക്ലൂസീവ് ബ്രാൻഡ് ഔട്ട്ലെറ്റ് തുറന്നു. കമ്പനിയുടെ ശൃംഖലയിലെ 91ാമത് സ്റ്റോറാണ് അബുദാബിയിലേത്.ആറ് വയസുവരെയുള്ള കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള വസ്ത്രങ്ങളുടെ വിപുലമായ ശേഖരം, ബേബി ഓയിൽ, സോപ്പ്, വൈപ്സ്, ഫാബ്രിക് വാഷ്, ബോഡി വാഷ്, ഷാംപൂ, ലോഷനുകൾ, ടവലുകൾ തുടങ്ങിയ അവശ്യ ശിശു പരിചരണ വസ്തുക്കളും ഈ സ്റ്റോറിൽ ലഭ്യമാണെന്ന് പോപ്പീസ് ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ഷാജു തോമസ്  പറഞ്ഞു. 2026 സാമ്പത്തിക വർഷത്തോടെ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന അടക്കം രാജ്യവ്യാപകമായി മെട്രോ നഗരങ്ങളിലെ പ്രധാന വിപണികളെ ലക്ഷ്യമിട്ട് മൊത്തം 118 സ്ഥലങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും പോപ്പീസ് ബേബി കെയർ ലക്ഷ്യമിടുന്നു.




# ലുലു ഫാഷൻ വീക്കിന് മെയ് 8 ന് തുടക്കം; ലോഗോ പ്രകാശനം  ചെയ്തു

**കൊച്ചി:** ഫാഷൻ ലോകത്തെ വിസ്മയകാഴ്ചകളുമായി  ലുലു ഫാഷൻ വീക്കിന് മെയ് 8 ന് തുടക്കമാകും.വ്യാഴ്ച  തുടങ്ങി മേയ് 11 വരെ നീളുന്നതാണ് ഷോ. ഇന്ത്യയിലെ പ്രശസ്തരായ ഫാഷൻ  മോഡലുകളും ഷോ ഡയറക്ടേഴ്സും അണിനിരക്കും.

യു എസ് പോളോയാണ്  ഫാഷൻ വീക്കിന്റെ  പ്രധാന സ്പേൺസർ, പവേർഡ് ബൈ പാർട്ട്ണർ അമുക്തിയാണ്.ഈ വർഷത്തെ ലുലു ഫാഷൻ വീക്കിന്റെ ലോഗോ പ്രകാശനം നടൻ  ആസിഫ് അലി നിർവഹിച്ചു. സംഗീത സംവിധായകൻ ഗോവിന്ദ് വസന്ത,  നടൻ സ്വാതിദാസ് പ്രഭു, സംവിധാകൻ കെ.വി താമർ, ക്യാമറമാൻ അയസ്,  ബാലതാരം ഓർഹാൻ, ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഒ.ഒ രജിത് രാധാകൃഷ്ണൻ,ലുലു ഹൈപ്പർ മാർക്കറ്റ്സ് ജനറൽ മാനേജർ സുധീഷ് നായർ, ലുലുമാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ബൈയ്യിങ് മാനേജർ സന്തോഷ്  കൊട്ടാരത്ത് എന്നിവർ സംബന്ധിച്ചു.ലോകോത്തര ബ്രാൻഡുകളുടെ ആകർഷകമായ ഏറ്റവും പുതിയ സ്പ്രിങ് സമ്മർ കളക്ഷനുകൾ പ്രദർശിപ്പിച്ചുകൊണ്ട് നിരവധി ഫാഷൻ ഷോകൾ അരങ്ങേറും. ഫാഷൻ ട്രൻഡുകളുടെ  ഏറ്റവും പുതിയ  വസ്ത്രശേഖരങ്ങൾ ! അവതരിപ്പിച്ചു കൊണ്ടായിരിക്കും ഷോ മുന്നേറുക.വിവിധ  ബ്രാൻഡുകൾക്ക് വേണ്ടി ഇന്ത്യയിലെ പ്രമുഖ മോഡലുകൾ റാംപിൽ ചുവടുവയ്ക്കും. എല്ലാ ദിവസവും വൈകീട്ട് 4.30 ന് ഫാഷൻ ഷോ തുടങ്ങും.

മാറുന്ന ഫാഷൻ സങ്കൽപ്പങ്ങളെ പരിചയപ്പെടുത്തുന്ന  വേറിട്ട അവസരമാകും ലുലു ഫാഷൻ വീക്ക് സമ്മാനിക്കുക. ഫാഷൻ, എന്റർടെയ്ൻമെന്റ്, റീട്ടെയ്ൽ മേഖലകളിൽ നിന്നുള്ള  നിരവധി പ്രമുഖരും ഷോയിൽ ഭാഗമാകും. ഫാഷൻ രംഗത്തെ ആകർഷകമായ സംഭാവനകൾ മുൻനിർത്തി ഫാഷൻ ടൈറ്റിലുകളും, ഫാഷൻ അവാർഡുകളും അരങ്ങേറും. ഷോ ഡയക്ടറും സ്റ്റൈലിസ്റ്റുമായ ഷയ് ലോബോ  ആണ് ലുലു ഫേഷൻ ഷോ ഡയറക്ടർ.

# ഗുജറാത്ത് ഗിഫ്റ്റ് സിറ്റിയിൽ ഐഐഎഫ്ടി കാമ്പസ് സെന്റർ സ്ഥാപിക്കാൻ അനുമതി

**ന്യൂഡൽഹി:** ന്യൂഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡിന്റെ  ഒരു ഓഫ്കാമ്പസ് സെന്റർ ഗുജറാത്തിലെ ഗാന്ധിനഗറിലെ ഗിഫ്റ്റ് സിറ്റിയിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അംഗീകാരം നൽകി. 2023 ലെ ഡഎഇ  ചട്ടങ്ങൾ അനുസരിച്ചായിരിക്കും ഈ കേന്ദ്രം സ്ഥാപിക്കുക.

2025 ജനുവരിയിലെ താൽപര്യപത്രത്തിൽ  പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ഐഐഎഫ്ടി  വിജയകരമായി പാലിച്ചതിന് പിന്നാലെയാണ് യുജിസി നിയമം1956 ലെ വകുപ്പ് 3 പ്രകാരമുള്ള അംഗീകാരം ലഭിക്കുന്നത്. 1,000ത്തിലധികം വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയുന്ന തരത്തിൽ ഒരു മൾട്ടി ഡിസിപ്ലിനറി വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഒരു വികസന രൂപരേഖയുടെ സമർപ്പണം, യോഗ്യതയുള്ള അധ്യാപകരുടെ ലഭ്യത, വിശദമായ അക്കാദമിക പ്രോഗ്രാമുകൾ, സ്ഥിരമായ കാമ്പസിനുള്ള പദ്ധതികൾ, അത്യാധുനിക ലൈബ്രറി സൃഷ്ടിക്കൽ എന്നിവ ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നു.ഇന്ത്യയുടെ ആഗോള സാമ്പത്തിക കേന്ദ്രമായ ഗിഫ്റ്റ്സിറ്റിയിൽ പുതിയ ഓഫ്കാമ്പസ് സെന്റർ തുറക്കാൻ അനുമതി ലഭിച്ചതിൽ ഐഐഎഫ് ടിയ്ക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രോഗ്രാമായ എം ബി എ (ഇന്റർനാഷണൽ ബിസിനസ്സ്)യിൽ പ്രതിഭകളെ പരിശീലിപ്പിക്കുന്നതിനും കൂടാതെ അന്താരാഷ്ട്ര വ്യാപാര മേഖലയിലെ ഹ്രസ്വകാല പരിശീലന പരിപാടികൾക്കും ഗവേഷണത്തിനും ഇത് വഴിയൊരുക്കുന്നുവെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു.

ഗിഫ്റ്റ് ടവർ2 കെട്ടിടത്തിന്റെ 16, 17 നിലകളിലായിരിക്കും ഗിഫ്റ്റ് സിറ്റി കാമ്പസ് പ്രവർത്തിക്കുക.  ഐഐഎഫ്ടിയുടെ പ്രധാന കോഴ്സ് ആയ എംബിഎ (ഇന്റർനാഷണൽ ബിസിനസ്) പ്രോഗ്രാമിനൊപ്പം അന്താരാഷ്ട്ര വ്യാപാരത്തിലും അനുബന്ധ മേഖലകളിലും പ്രത്യേക ഹ്രസ്വകാല പരിശീലന കോഴ്സുകളും ഗവേഷണ പ്രവർത്തനവും ഈ കേന്ദ്രം വാഗ്ദാനം ചെയ്യും.വിവിധ മേഖലകളിലെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്ന ദേശീയ വിദ്യാഭ്യാസ നയം  2020 ന്റെ ലക്ഷ്യങ്ങളുമായി ഈ സംരംഭം യോജിക്കുന്നു.

# എച്ച്ഡിഎഫ്സി ഫ്ളെക്സി ക്യാപ് ഫണ്ട്: 18.82 ശതമാനം സംയോജിത വാർഷിക വളർച്ച നിരക്ക്

**കൊച്ചി:** ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൾ ക്യാപ് വിഭാഗങ്ങളിലായി നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഡൈനാമിക് ഇക്വിറ്റി പദ്ധതിയായ എച്ച്ഡിഎഫ്സി ഫ്ളെക്സി ക്യാപ് ഫണ്ട് പ്രവർത്തനമാരംഭിച്ചതു മുതൽ ഇതുവരെ 18.82 ശതമാനം സംയോജിത വാർഷിക വളർച്ച നിരക്കു കൈവരിച്ചതായി 2025 മാർച്ച് 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു.995 ജനുവരി ഒന്നിന് ആരംഭിച്ച ഈ ഫണ്ടിന്റെ തുടക്കത്തിൽ ഒരു ലക്ഷം രൂപ നിക്ഷേപിച്ചിരുന്നെങ്കിൽ ഇന്നത് ഏകദേശം 1.84 കോടി രൂപയായി വളർന്നേനെ. അടിസ്ഥാന സൂചികയായ നിഫ്റ്റി 500 ടിആർഐയിൽ ആയിരുന്നുവെങ്കിൽ ഇത് 1.51 കോടി രൂപയായി മാത്രമേ വളരുമായിരുന്നുള്ളൂവെന്ന് എച്ച്ഡിഎഫ്സി എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ നവനീത് മുനോട്ട് പറഞ്ഞു.പദ്ധതിയുടെ തുടക്കം മുതൽ പ്രതിമാസം 10,000 രൂപ വീതമുള്ള എസ്ഐപി ആരംഭിച്ചിരുന്നുവെങ്കിൽ നിക്ഷേപ തുകയായ 36.20 ലക്ഷം രൂപ 2025 മാർച്ച് 31ന് ഏകദേശം 20.24 കോടി രൂപയാകുമായിരുന്നു.

അച്ചടക്കത്തോടു കൂടിയ നിക്ഷേപത്തിന്റേയും നിക്ഷേപകരുടെ സ്വത്തു സമ്പാദനത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയുടേയും സാക്ഷ്യപത്രമാണ് എച്ച്ഡിഎഫ്സി ഫ്ളെക്സി ക്യാപ് ഫണ്ടിന്റെ മൂന്നു പതിറ്റാണ്ടു കാലത്തെ പ്രകടനമെന്നും നവനീത് മുനോട്ട് പറഞ്ഞു. വിവിധ വിപണി ഘട്ടങ്ങളിലും ഫണ്ട് ശക്തമായ രീതിയിൽ മുന്നോട്ടു പോയി. നിക്ഷേപകർക്കായി ദീർഘകാല മൂല്യം പ്രദാനം ചെയ്യുന്നതിലുള്ള തങ്ങളുടെ ശ്രദ്ധ കൂടി വരച്ചു കാട്ടുന്നതാണ് പദ്ധതിയുടെ പ്രകടനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കമിലിയന്റിന്റെ പരസ്യചിത്രത്തിൽ ടൈഗർ ഷ്രോഫും നികിത ദത്തയും

**കൊച്ചി;** ലഗേജ്യാത്രാ ബാഗ് ബ്രാൻഡ് കമിലിയന്റ് പുതിയ പരസ്യചിത്രവുമായി വിപണിയിലെ സാന്നിധ്യം ശക്തമാക്കാനൊരുങ്ങുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യൻ പീരിയഡ് സിനിമകളുടെ സ്പൂഫായി നിർമ്മിക്കുന്ന പുതിയ പരസ്യചിത്രത്തിൽ ബോളിവുഡ് താരങ്ങളായ ടൈഗർ ഷ്രോഫും നികിത ദത്തയും കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഒരു വലിയ യുദ്ധമുഖത്തിന്റെ മാതൃകയിൽ ചിത്രീകരിക്കുന്ന ഈ പരസ്യത്തിൽ കമിലിയന്റ് ഉൽപ്പന്നങ്ങളുടെ കരുത്തും ഈടുനിൽപ്പും ഹാസ്യാത്മകമായി ചിത്രീകരിക്കുന്നതായി കമ്പനി അറിയിച്ചു,



കമിലിയന്റ് പുനരുജ്ജീവനവും ശക്തിയും ഉൾക്കൊള്ളുന്ന ബ്രാൻഡാണെന്ന് സാംസോനൈറ്റ് സൗത്ത് ഏഷ്യ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് ഡയറക്ടർ അനുശ്രീ തയ്ൻവാല പറഞ്ഞു. അതുകൊണ്ടുതന്നെ ഇത്തരമൊരു ക്യാംപെയ്ൻ പ്രദർശിപ്പിക്കാൻ ഇതിഹാസ ബോളിവുഡ് ശൈലിയിലുള്ള രംഗങ്ങളേക്കാൾ മികച്ച രീതിയില്ലെന്നും അവർ പറഞ്ഞു. ഈ ക്യാംപെയ്ൻ കമിലിയന്റിനെ രസകരമായ സിനിമാറ്റിക് ലോകത്തേക്ക് കൊണ്ടുപോകുന്നതായും അവിടെ സ്യൂട്ട്കേസുകൾ അപ്രതീക്ഷിത ഹീറോകളായി മാറുന്നത് കാണാനാകുമെന്നും ലോവ് ലിന്റാസ് ചീഫ് ക്രിയേറ്റീവ് ഓഫീസർ പ്രതീക് ഭരദ്വാജ് പറഞ്ഞു.

ഉർവശി ധോലാകിയ, രഘുരാജീവ് ജോഡി തുടങ്ങിയ ടെലിവിഷൻ വ്യക്തിത്വങ്ങൾ മുതൽ ജോർഡ്ഇന്ത്യൻ, മിഥില ദ്വിവേദി തുടങ്ങിയ ഡിജിറ്റൽ താരങ്ങൾ വരെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലുടനീളം ക്യാംപെയ്നുമായി സഹകരിക്കുമെന്ന് കമിലിയന്റ് അറിയിച്ചു.

ടെലിവിഷൻ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഔട്ട്ഡോർ മീഡിയ, സോഷ്യൽ ചാനലുകൾ എന്നിവയിലുടനീളം പരസ്യചിത്രം പ്രദർശിപ്പിക്കും. 2014 ൽ സ്ഥാപിതമായതു മുതൽ ശൈലിയിൽ വിട്ടുവീഴ്ച ചെയ്യാതെ വിശ്വാസ്യത ഉറപ്പാക്കി പ്രവർത്തിക്കുന്ന ബ്രാൻഡായ കമിലിയന്റ് ആധുനിക കാലത്തെ യാത്രക്കാർക്ക് അനുയോജ്യമായ തിരഞ്ഞെടുപ്പ് നൽകുന്നതായി കമ്പനി പറയുന്നു.

# ഓഫ്ഷോർ ഓയിൽ ആൻഡ് ഗ്യാസ് പദ്ധതി ഡീകമ്മീഷൻ പൂർത്തീകരിച്ചു

**കൊച്ചി/ന്യൂഡൽഹി:** ഇന്ത്യയുടെ ഊർജ്ജ മേഖലയിൽ പുതിയൊരു നാഴികക്കല്ല്. പന്നമുക്ത, തപ്തി (പിഎംടി) സംയുക്ത സംരംഭ പങ്കാളികളായ ഷെൽ, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് (ആർഐഎൽ), ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ ലിമിറ്റഡ് (ഒഎൻജിസി) എന്നിവർ ചേർന്ന് രാജ്യത്തെ ആദ്യത്തെ ഓഫ്ഷോർ ഫെസിലിറ്റീസ് ഡീകമ്മീഷൻ ചെയ്യൽ പദ്ധതി വിജയകരമായി പൂർത്തിയാക്കി. മധ്യ, തെക്കൻ തപ്തി ഫീൽഡ് ഫെസിലിറ്റികളാണ് സുരക്ഷിതമായി ഡീകമ്മീഷൻ ചെയ്തത്.തപ്തി ഫീൽഡ്സിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് പിഎംടി സംയുക്ത സംരംഭമാണ്. സർക്കാരുമായി പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

2016 മാർച്ചിലാണ് താപ്തി പാടങ്ങളിൽ നിന്നുള്ള ഉത്പാദനം നിർത്തിവച്ചത്. ഉയർന്ന സുരക്ഷാ, പാരിസ്ഥിതിക മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഡികമ്മീഷൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഓയിൽ ആൻഡ് ഗ്യാസ് ഉൽപ്പാദനം നടത്തുന്ന പദ്ധതി ഡീകമ്മീഷൻ ചെയ്യുന്നത് രാജ്യത്ത് ആദ്യമാണ്.

# സിഗ്നിഫൈയും സെൽകോ ഫൗണ്ടേഷനും കൈകോർക്കുന്നു

**കൊച്ചി:** പ്രകാശവൽക്കരണത്തിൽ ആഗോളനേതാവായ സിഗ്നിഫൈ (യൂറോനെക്സ്റ്റ്: ലൈറ്റ്) സെൽകോ ഫൗണ്ടേഷനുമായി സഹകരിച്ച്, തങ്ങളുടെ മുൻനിര സി.എസ്.ആർ. സംരംഭമായസ്വാസ്ഥ്യ കിരൺ',എന്ന പദ്ധതി പ്രകാരം കർണാടകയിലെ 10 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പി.എച്ച്.സി.) വിജയകരമായി സൗരോർജ്ജവൽക്കരിച്ചു. ഗ്രാമീണ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിൽ തടസ്സമില്ലാതെ വെളിച്ചവും ആശ്രയിക്കാവുന്ന വൈദ്യുതിയും ലഭ്യമാക്കുക, അതുവഴി പിന്നാക്ക സമൂഹങ്ങളിലെ ആരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം ഗണ്യമായി വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പരിവർത്തനാത്മക സംരംഭത്തിന്റെ ലക്ഷ്യം

# സ്വർണ്ണ ഇ.ടി.എഫ്.കൾ കുതിക്കുന്നു

WORLD GOLD COUNCIL

**കൊച്ചി :** വേൾഡ് ഗോൾഡ് കൗൺസിലിന്റെ 2025 ലെ ഒന്നാം പാദത്തിലെ ഗോൾഡ് ഡിമാൻഡ് ട്രെൻഡ്സ് റിപ്പോർട്ട് വെളിപ്പെടുത്തുന്നത്, മൊത്തം ത്രൈമാസ സ്വർണ്ണ ഡിമാൻഡ് 1,206 ടൺ ആയിരുന്നു എന്നാണ്. സ്വർണ്ണം ഔൺസിന് 3,000 കവിഞ്ഞ റെക്കോർഡ് ഉയർന്ന വില പരിസ്ഥിതിയിൽ ഇത് വാർഷികാടിസ്ഥാനത്തിൽ 1% വർദ്ധനവാണ്.സ്വർണ്ണ ഇ.ടി.എഫ്ന്റെ പുനരുജ്ജീവനം മൊത്തം നിക്ഷേപ ആവശ്യകതഇരട്ടിയിലധികം വർദ്ധിപ്പിച്ച് 552 ടണ്ണായി ഉയർത്തി, ഇത് വാർഷികാടിസ്ഥാനത്തിൽ 170% വർദ്ധനവും 2022ലെ ആദ്യ പാദത്തിന് ശേഷമുള്ളഏറ്റവും ഉയർന്ന നിരക്കുമാണ്. വില വർധനവും താരിഫ് നയത്തിലെഅനിശ്ചിതത്വവും നിക്ഷേപകരെ സുരക്ഷിത താവളമായി സ്വർണ്ണത്തിലേക്ക്നയിച്ചതിനാൽ, ലോകമെമ്പാടും ഇ.ടി.എഫ്. നിക്ഷേപം വർദ്ധിച്ചു, ആദ്യപാദത്തിൽ ആകെ 226 ടൺ ആയി.ബാറുകൾക്കും നാണയങ്ങൾക്കുമുള്ള മൊത്തം ഡിമാൻഡ്വാർഷികാടിസ്ഥാനത്തിൽ 3% വർദ്ധിച്ചു, ഒന്നാം പാദത്തിൽ 325 ടണ്ണായി തുടർന്നു.അതിൻറെ ചരിത്രത്തിലെ രണ്ടാമത്തെ ഉയർന്ന പാദം രേഖപ്പെടുത്തിയചൈനയിലെ റീട്ടെയിൽ നിക്ഷേപത്തിലെ കുതിച്ചുചാട്ടമാണ് ഇതിന് കാരണമായത്.ബാറിനും നാണയത്തിനുമുള്ള ആഗോള ഡിമാൻഡിന്റെ ഭൂരിഭാഗവും കിഴക്കൻനിക്ഷേപകരാണ് നയിച്ചത്, യുഎസിലെ ആവശ്യകത വാർഷികാടിസ്ഥാനത്തിൽ 22% കുറഞ്ഞതും യൂറോപ്പിൽ കഴിഞ്ഞ വർഷം ഇതേ പാദത്തിൽ വളരെ താഴ്ന്ന അടിത്തറയിൽ നിന്ന് നേരിയതായിരുന്നെങ്കിലും 12 ടൺ വീണ്ടെടുപ്പും മൂലമുള്ള പാശ്ചാത്യ മന്ദതയെ ഇത് നികത്തി.ആഗോളതലത്തിൽ തുടരുന്ന അനിശ്ചിതത്വത്തിനിടയിലും, ഒന്നാം പാദത്തിൽആഗോള കരുതൽ ശേഖരത്തിൽ 244 ടൺ കൂടി ചേർത്തുകൊണ്ട്, തുടർച്ചയായ 16 ആം വർഷമാണ് സെൻട്രൽ ബാങ്കുകൾ അറ്റ വാങ്ങലിലേക്ക് കടക്കുന്നത്.ഡിമാൻഡിന്റെ ഈ നില വാർഷികാടിസ്ഥാനത്തിൽ 21% കുറവാണെങ്കിലും,കഴിഞ്ഞ മൂന്ന് വർഷത്തെ സുസ്ഥിരവും ശക്തവുമായ വാങ്ങലുകളുടെ ത്രൈമാസശരാശരിക്ക് അനുസൃതമായി ഇത് ഇപ്പോഴും ശക്തമാണ്.

വ്യാപാര പ്രതിസന്ധി, പ്രവചനാതീതമായ യു.എസ്. നയ പ്രഖ്യാപനങ്ങൾ,തുടർച്ചയായ ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾ, മാന്ദ്യ ഭീതികളുടെ തിരിച്ചുവരവ്എന്നിവ നിക്ഷേപകർക്ക് വളരെ അനിശ്ചിതത്വമുള്ള അന്തരീക്ഷം സൃഷ്ടിച്ചതിനാൽആഗോള വിപണികൾക്ക് വർഷത്തിന്റെ തുടക്കം പ്രശ്നങ്ങൾനിറഞ്ഞതായിരുന്നു. ഈ പശ്ചാത്തലത്തിൽ, സ്വർണ്ണത്തിനുള്ള നിക്ഷേപ ആവശ്യം2019 ന് ശേഷമുള്ള ആദ്യ പാദത്തിലെ ഏറ്റവും ഉയർന്ന നിലയിലേക്ക്വഴിയൊരുക്കിയതായി വേൾഡ് ഗോൾഡ് കൗൺസിലിലെ സീനിയർ മാർക്കറ്റ്സ് അനലിസ്റ്റ് ലൂയിസ് സ്ട്രീറ്റ്അഭിപ്രായപ്പെട്ടു.കഴിഞ്ഞ 10 മാസത്തിനിടെ നിക്ഷേപകർ സ്വർണ്ണ ഇ.ടി.എഫ്.കളിലേക്ക് മടങ്ങി,കഴിഞ്ഞ വർഷം മൂന്നാം പാദം മുതൽ അവരുടെ വിഹിതം വർദ്ധിപ്പിച്ചു. കൂടാതെഇതിനകം ഏപ്രിലിൽ, ഏഷ്യൻ നിക്ഷേപങ്ങൾ അവരുടെ ഒന്നാം പാദത്തിലെആകെത്തുകയെ മറികടന്നു. എന്നിരുന്നാലും, വളർച്ചയ്ക്ക് ഇപ്പോഴും ഇടമുണ്ട്,ആഗോള സ്വർണ്ണ ഇ.ടി.എഫ്. ഹോൾഡിംഗുകൾ 2020ലെ ഏറ്റവും ഉയർന്ന നിരക്കിൽ 10% താഴെയാണ്.ഭാവിയിൽ, വിശാലമായ സാമ്പത്തിക ഭൂപ്രകൃതി പ്രവചിക്കാൻ പ്രയാസമാണ്.ആ അനിശ്ചിതത്വം സ്വർണ്ണത്തിന് ഉയർച്ച സാധ്യത നൽകിയേക്കാം. പ്രക്ഷുബ്ധമായ സമയങ്ങൾ തുടരുന്നതിനാൽ, സുരക്ഷിത താവളം എന്ന നിലയിൽ സ്ഥാപനങ്ങൾ, വ്യക്തികൾ, ഔദ്യോഗിക മേഖല എന്നിവയിൽ നിന്നുള്ള സ്വർണ്ണത്തിന്റെ ഡിമാൻഡ് വരും മാസങ്ങളിൽ ഉയർന്നേക്കാമെന്നും അദ്ദേഹം വ്യക്തമാക്കി




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com